# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5885
### 07.07.2014 ലെ മറുപടി
### പ്രവാസി മലയാളി സാംസ്ക്കാരിക-സന്നദ്ധ സംഘടനാ പ്രതിനിധികളുടെ യോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഗൾഫിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട മലയാളി സാംസ്ക്കാരിക-സന്നദ്ധസംഘടനാ പ്രതിനിധികളുടെ ഒരു യോഗം കേരളത്തിൽ വച്ച് വിളിച്ചു ചേർക്കാൻ സന്നദ്ധമാകുമോ; | (എ) വിദേശ മലയാളി സംഘടനകളുടെ പ്രതിനിധികൾ, പ്രമുഖ വിദേശ മലയാളി സംരംഭകർ, വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസി കേരളീയർ, ഇന്ത്യയ്ക്കകത്ത് അന്യസംസ്ഥാന ങ്ങളിൽ ജോലി ചെയ്യുന്ന കേരളീയർ, വിദേശത്ത് നിന്നും തിരികെ എത്തിയവർ തുടങ്ങിയവരുടെ കൂട്ടായ്മയായി 'ഗ്ലോബൽ എൻ.ആർ.കെ. മീറ്റ്' സംഘടിപ്പിച്ചുവരുന്നു. |
| (ബി) ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സംസ്ഥാന സർക്കാർ മുൻകൈ എടുക്കുമെന്ന , പ്രഖ്യാപനം പ്രാവർത്തികമാക്കാൻ മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിക്കുക? | (ബി) പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുക, വിദേശ മലയാളികളുടെ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി വിവിധ നിക്ഷേപപദ്ധതികളുടെ അവതരണം, പ്രവാസിക്ഷേമ പദ്ധതികളുടെ പരിചയപ്പെടുത്തൽ തുടങ്ങിയവയാണ് ഗ്ലോബൽ എൻ.ആർ.കെ. മീറ്റ് കൊണ്ട് ലക്ഷ്യമിടുന്നത്.<br>ഗൾഫ് മലയാളികൾ വിദേശത്ത് നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുമ്പോൾ അത്തരം കാര്യങ്ങൾ വിവിധ കേന്ദ്ര സർക്കാർ വകുപ്പുകൾ. |

| | |
|---|---|
| | ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങൾ എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനും പ്രവാസി മലയാളികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ, വിവിധ സർക്കാർ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി ഏകോപിപ്പിച്ച് പരിഹാരം കാണുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**